# Kerala Hotel & Restaurant Association

STATE COMMITTEE

II Floor, K.H.R.A. Bhavan, M.G. Road, Kochi - 682 035

Phone : 0484 2366602

സംസ്ഥാനതലവാർത്ത

9-1-2023

## പ്രസ്സ് റിലീസ്

## ഹോട്ടൽ മേഖലയെ തകർക്കരുത് – കെ.എച്ച്.ആർ.എ

ചില ഒറ്റപ്പെട്ട സംഭങ്ങളുടെ പേരിൽ ഹോട്ടൽ മേഖലയെ അപ്പാടെ തകർക്കുകയും, കരിവാരിത്തേക്കുകയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണമെന്ന് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ. കാസർഗോഡ് വിദ്യാർത്ഥിനി മരിച്ചത് ഭക്ഷ്യവിഷബാധമൂലമല്ലായെന്നാണ് ഇപ്പോൾ തെളിഞ്ഞിരിക്കുന്നത്. ശാസ്ത്രീയമായ പരിശോധന പൂർത്തിയാകുന്നതിനു മുമ്പ്തന്നെ ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ ഹോട്ടൽ മേഖലയെ അപ്പാടെ നാണംകെടുത്തുന്ന പ്രചരണമാണ് സംസ്ഥാനത്ത് അഴിച്ചുവിട്ടത്. ഹോട്ടൽ പരിശോധനയുടെ പേരിൽ നിയമാനുസൃതമായ നടപടികളല്ല ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായത്. ഭക്ഷ്യസുരക്ഷാനിലവാരനിയമപ്രകാരം പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ നഗരസഭ ഹെൽത്ത് ഉദ്യോഗസ്ഥർ പരിശോധനക്കെത്തി ഫ്രീസറിൽ സൂക്ഷിച്ചിരിക്കുന്ന ഭക്ഷണം പഴകിയതെന്നാരോപിച്ച് പ്രചരിപ്പിക്കുന്ന നടപടികൾ പ്രതിഷേധാർഹമാണ്. നിരന്തര പരിശോധനകളിലൂടേയും, ബോധവൽക്കരണങ്ങളിലൂടെയും ഹോട്ടലുകളിലെ ന്യൂനതകൾ പരിഹരിക്കണം. കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ നിയമാനുസൃതനടപടികൾ സ്വീകരിക്കണം. അല്ലാതെ ഹോട്ടൽ പരിശോധനയുടെ പേരിൽ നിരവധിയാളുകളുടെ ഉപജീവനമാർഗമായ ഹോട്ടൽ മേഖലയെ തകർക്കുന്ന നടപടികളിൽനിന്നും ഉദ്യോഗസ്ഥരും, മറ്റുള്ളവരും പിന്മാറണം. എവിടെയെങ്കിലും ഒരു ദുരന്തമുണ്ടായാൽ കൃത്യമായ പരിശോധനകളുടേയും, റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കണമെന്നും, മുൻവിധിയോടെ ഒരു വ്യാപാരമേഖലയെ തകർക്കുന്ന തരത്തിലുള്ള പ്രചരണത്തിൽനിന്നും കുറ്റപ്പെടുത്തലുകളിൽനിന്നും ഭാവിയിലെങ്കിലും എല്ലാവരും പിന്മാറണമെന്നും കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ പ്രസിഡന്റ് ജി. ജയപാലും ജനറൽ സെക്രട്ടറി കെ.പി. ബാലകൃഷ്ണപൊതുവാളും അഭ്യർത്ഥിച്ചു.

**ജി. ജയപാൽ**
പ്രസിഡന്റ്
9544844446

**കെ. പി. ബാലകൃഷ്ണ പൊതുവാൾ**
ജനറൽ സെക്രട്ടറി
9447704934